**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1346** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫീഡ്സിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. നന്ദകുമാർ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉത്പാദന സംവിധാനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള ഫീഡ്സിന്റെ വിവിധയൂണിറ്റുകളുടെ ഉത്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1) തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ യൂണിറ്റിന്റെ പ്രതിദിന ഉല്പാദന ശേഷി 500 MT യിൽ നിന്ന് 650 MT ആക്കാൻ പെല്ലറ്റ് മില്ലും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു. 2) അസംസ്കൃത വസ്തുക്കളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി 8 സൈലോകൾ (for 2000 MT DORB storage) സ്ഥാപിച്ചു. 3) 20 വർഷത്തിലധികം കാലപ്പഴക്കം ചെന്ന പെല്ലറ്റ് മിൽ 'ഓട്ടോമാറ്റിക് ഡൈ റോളർ സ്പേസിങ്ങ്'; (Automatic Die-Roller Spacing) സംവിധാനം ഏർപ്പെടുത്തി നവീകരിച്ചു. 4) അസംസ്കൃത വസ്തുക്കൾ പൊടിക്കുന്ന 20 വർഷത്തിലധികം പഴക്കമുള്ള ഹാമ്മർ മിൽ മാറ്റി പുതിയ കപ്പാസിറ്റി കൂടിയ 'ഹാമ്മർ മിൽ' സ്ഥാപിച്ചു. 5) കേരള ഫീഡ്സിൻറെ ബൈപ്പാസ് പ്രോട്ടീൻ കാലിത്തീറ്റയായ 'ഡയറി റിച്ച്' ഉല്പാദിപ്പിക്കുന്നതിനായി ബൈപ്പാസ് പ്രോട്ടീൻ പ്ലാൻറ് കല്ലേറ്റുംകരയിൽ സ്ഥാപിച്ചു. 6) മലപ്പുറം ജില്ലയിലെ ആതവനാട് പ്രവർത്തിക്കുന്ന കേരള ഫീഡ്സിന്റെ ധാതുലവണ മിശ്രിത യൂണിറ്റിന്റെ പ്രതിദിന ഉല്പാദനശേഷി 4 MT യിൽ നിന്ന് 10 MT ആയി വർദ്ധിപ്പിച്ചു. |
| (ബി) | ഉയർന്ന പാലുത്പാദനം സാധ്യമാക്കുന്നതിനും പാലിന്റെ ഗുണമേന്മ, കന്നുകാലികളുടെ പ്രത്യുൽപ്പാദനക്ഷമത, ആരോഗ്യം എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി കെ. എഫ്. ഡയറി റിച്ച് പ്ലസ് ഉത്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | സങ്കരയിനം പശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തി പാലുത്പാദന ശേഷി വര്‍ദ്ധിപ്പിക്കുന്ന കെ. എഫ്. എലൈറ്റ് ഉത്പന്നങ്ങള്‍ക്കുള്ള ആവശ്യകത വര്‍ദ്ധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ഉണ്ട് |
| (ഡി) | ഉത്പന്ന വൈവിധ്യവല്‍ക്കരണത്തിനും വിലസ്ഥിരതയ്ക്കും കേരള ഫീഡ്സ് നടത്തുന്ന പ്രവര്‍ത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | ഉല്‍പ്പന്ന വൈവിധ്യവല്‍ക്കരണത്തിന്റെ ഭാഗമായി കാലിത്തീറ്റ ശ്രേണിയില്‍ 'കെ.എഫ് ഡയറി റിച്ച് പ്ലസ്" എന്ന അത്യുല്‍പാദന ശേഷിയുള്ള കറവപശുക്കള്‍ക്കുള്ള ബൈപാസ് പ്രോട്ടീന്‍ കാലിത്തീറ്റ വിപണിയില്‍ അവതരിപ്പിച്ചു. ആട്ടുതീറ്റ ശ്രേണിയില്‍ ചെറുകിട ആട്ടുകര്‍ഷര്‍ക്കുവേണ്ടി മിതമായ നിരക്കില്‍ ആട്ടുതീറ്റ ലഭ്യമാക്കാനായി 'കെ.എഫ് റെഗുലര്‍ ഗോട്ട് ഫീഡ്" വിപണിയിലിറക്കി. കോഴിത്തീറ്റ ശ്രേണിയില്‍ 'കെ.എഫ് അതുല്യം ലേയര്‍' 'കെ.എഫ് അതുല്യം ഗ്രോവര്‍' 'കെ.എഫ് കൈരളി' എന്നീ വിവിധ മുട്ടക്കോഴിത്തീറ്റകള്‍ വിപണിയില്‍ അവതരിപ്പിച്ചു. വിപണിയില്‍ വിലസ്ഥിരത നിലനിര്‍ത്തുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ വില വര്‍ധിക്കുമ്പോഴും കേരള ഫീഡ്സിന്റെ ഉല്‍പ്പന്നങ്ങളുടെ വില ആനുപാതികമായി വര്‍ധിപ്പിക്കാറില്ല. അതിനാല്‍ തന്നെ വിപണിയിലെ കാലിത്തീറ്റയുടെ വില കൂടുന്നത് ഒരു പരിധി വരെ നിയന്ത്രിക്കുവാന്‍ കഴിയുന്നുണ്ട്. |

സെക്ഷന്‍ ഓഫീസര്‍